# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 87 **04.03.2020-ൽ** മറുപടിക്ക്

**പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനുള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ. ടി.ജെ. വിനോദ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ അർഹരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നിർമ്മിച്ച് നൽകുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനവും ഭൂമിയില്ലാത്ത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങളും നിർമ്മിക്കുന്നതിനായി ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികജാതി വകുപ്പിന്റെ ഫണ്ടിൽ നിന്നും ഇതിനായി തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | നേരത്തെ നടപ്പിലാക്കിയ പദ്ധതികളിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റിയ ശേഷവും ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്തവർക്ക് അത് പൂർത്തീകരിക്കുവാൻ പട്ടികജാതി വകുപ്പ് ഏതെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | പദ്ധതി രൂപീകരണം അന്തിമഘട്ടത്തിലാണ്. |
| (ഡി) | നിർമ്മാണം പൂർത്തിയാക്കിയതും വാസയോഗ്യമായതുമായ ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്കും അതിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗക്കാർക്ക് ധനസഹായം നൽകുന്നതിനുള്ള നിലവിലെ പദ്ധതി വിശദമാക്കുമോ? | (ഡി) | വാസയോഗ്യമായ രീതിയിൽ നിർമ്മാണം പൂർത്തീകരിച്ച് 6 വർഷം പൂർത്തിയായ അറ്റകുറ്റപണികൾ ആവശ്യമായിട്ടുള്ളതും അധിക സൗകര്യം ഏർപ്പെടുത്തേണ്ടതുമായ മുഴുവൻ വീടുകൾക്കും എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ